ഇടുക്കി ഡാമിന്റെ പണി

* 186. [680] ശ്രീ. എം. എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഇടുക്കി ഡാമിന്റെ പണി ഉൽഘാടനം ചെയ്തശേഷം ആകെ എത്ര ദിവസം ഡാമിന്റെ പണി നടന്നിട്ടുണ്ട് ;

(ബി) ഇപ്പോൾ ഡാമിന്റെ പണി നടക്കുന്നുണ്ടോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ, ബി) 30-4-1969 ലാണ് ഡാമിന്റെ ഉൽഘാടനം നടന്നത്. ഒന്നാം തീയതി അവധിയായിരുന്നു. രണ്ടാം തീയതി മുതൽ എച്ച്. സി. സി. തൊഴിലാളികൾ പണിമുടക്ക് ആരംഭിച്ചു പണിമുടക്ക് തീർന്നപ്പോഴേക്കും കാലവർഷവും ആരംഭിച്ചു. ഇപ്പോൾ മെയിൻറനൻസ് മാത്രമാണ് നടക്കുന്നത്. അടുത്ത മാസം പണി പുനരാരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. എം. തോമസ് : പണിമുടക്കുമൂലം എലക്ട്രിസിറ്റി ബോർഡിനു എത്രമാത്രം നഷ്ടമുണ്ടായിട്ടുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : പ്രത്യേകം ചോദ്യമായി ചോദിച്ചാൽ പറയാം.

2. POINT OF ORDER

Position of the Leader of the House

ശ്രീ. കെ. കരുണാകരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ 9 A. M.] സഭാനടപടിച്ചട്ടത്തിലെ 18-ാം വകുപ്പിൽ പറയുന്നത്

18. *Arrangement of Government business*:—On days allotted for the transaction of Government business, the Secretary shall arrange that business in such order as the Speaker, in consultation with the Leader of the House, may determine : എന്നാണ്. അപ്പോൾ സഭാനേതാവുമായി ആലോചിച്ചിട്ടാണ് ഈ സഭയുടെ ബിസിനസ് നിശ്ചയിക്കുന്നത്. ആ സഭാനേതാവിനു ഉള്ളതായ സ്ഥാനം എന്താണെന്നും ആ സഭാനേതാവിനു ഈ സഭയോടുള്ള ബന്ധമെന്തായിരിക്കണമെന്നുള്ളതും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങയുടെ വാക്കുകളിൽ പറഞ്ഞാൽ ജനാധിപത്യഭരണസംവിധാനത്തിൽ നിയമസഭയുടെ ഭൂരിപക്ഷാഭിപ്രായമാണ് സഭാനേതാവിൽക്കൂടി പ്രകടമാകേണ്ടതും, ആയിക്കാണുന്നതും. അപ്പോൾ സഭയിൽ ഭൂരിപക്ഷത്തിന്റെ പിൻതുണയുള്ള ആളായിരിക്കണം സഭാനേതാവു. ഈ കഴിഞ്ഞ ആഗസ്റ്റ് 22-ാം തീയതി നിയമസഭ സമ്മേളിച്ചു കോൺഗ്രസ്സുകാരനായ ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ പ്രമേയത്തിന്റെ പരിഗണനയെക്കുറിച്ചുള്ള ചർച്ചാവേളയിൽ സഭാനേതാവു സ്വീകരിച്ചതായ നിലപാടിനു ഈ സഭയുടെ പിൻതുണ ഉണ്ടായിരുന്നില്ല. പിൻതുണ നഷ്ടപ്പെട്ടശേഷം സഭാനേതാവു സഭാനേതാവായി തുടരുന്നതു നിയമസാധുതയുള്ള കാര്യമല്ല. ആ നിലയിൽ സഭാനേതാവിനു ഈ സഭയുടെ വിശ്വാസമില്ലെന്നുള്ള കാര്യം സഭാനേതാവുതന്നെ സമ്മതിച്ചതായി അങ്ങയ്ക്കു പിന്നീടു ബോദ്ധ്യപ്പെട്ടതായി അങ്ങയുടെതന്നെ പ്രസ്താവനയിൽ കൂടി കാണിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സഭാനേതാവെന്നുള്ള നിലയിൽ ഈ സഭയുടെ കൂമതലകാര്യം നിർവ്വഹിക്കുന്നതിനു അങ്ങയെ സഹായിക്കുന്നതിനു ഒരു സഭാനേതാവില്ലാതായിരിക്കുകയാണ്. അങ്ങനെ സഭാനേതാവിന്റെ അസാന്നിദ്ധ്യത്തിൽ നടക്കുന്ന ഈ നടപടികളും ക്രമമായിട്ടുള്ളതാണോ ; ഈ സഭ തുടരുന്നതുതന്നെ നിയമവിധേയമാണോ എന്നുള്ളതു അങ്ങയുടെ തീരുമാനത്തിനായി ഞാൻ സമർപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Has the hon. Revenue Minister anything to say on this?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ എന്തിനാണു് പറയുന്നതു്. ശ്രീ. കരുണാകരന്റെ പാർട്ടിയല്ല എന്നെ സഭാനേതാവായി തെരഞ്ഞെടുത്തതു്. സഭാനേതാവിനെ ഭൂരിപക്ഷകക്ഷിയാണു് തെരഞ്ഞെടുക്കുന്നതു്. ഭരണകക്ഷിയാണു് സഭാനേതാവിനെ തെരഞ്ഞെടുക്കുന്നതു്. കാൺഗ്രസ്സുകാർക്കു്, സഭാനേതാവല്ലെന്നു് എങ്ങനെ തോന്നിയെന്നറിഞ്ഞുകൂടാ.

ശ്രീ. കെ. കരുണാകരൻ : എനിക്കു തോന്നിയതല്ല. കഴിഞ്ഞ ആഗസ്റ്റു് 22–ാം തീയതി സഭയിൽ സഭാനേതാവു് പ്രകടിപ്പിച്ച അഭിപ്രായങ്ങൾക്കു് സഭയുടെ ഭൂരിപക്ഷപിൻതുണ കിട്ടിയില്ല. സഭാനേതാവിന്റെ അഭിപ്രായത്തിനു് സഭയുടെ പിൻതുണ ഇല്ലാതെവന്നാൽ.....

ശ്രീമതി കെ. ആർ. ഗൗരി : ഇതു് കവിടി വാരിവച്ചു് പറയുകയാണു്, വോട്ടിന്റെ അടിസ്ഥാനത്തിലല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : സർ, കഴിഞ്ഞ 22–ാം തീയതി ശ്രീമാൻ കരുണാകരൻ പറഞ്ഞതുപോലെ ഉണ്ടായിട്ടില്ല. സഭാനേതാവിനു് പിൻതുണയുണ്ടോ എന്നു് പരിശോധിച്ചിട്ടില്ല. അതുകൊണ്ടു് ശ്രീമാൻ കരുണാകരന്റെ പ്രസ്താവന അടിസ്ഥാനരഹിതമാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : സഭാനേതാവിനു് ഭൂരിപക്ഷം നിയമസഭാംഗങ്ങളുടെ വിശ്വാസമില്ലെന്നു് ബഹുമാനപ്പെട്ട മെമ്പർ കരുണാകരനു് സംശയം തോന്നിയിട്ടുണ്ടെങ്കിൽ അതിനു് ഏകമാർഗ്ഗം ആ സംശയം ദൂരീകരിക്കുന്നതിനുവേണ്ടി ഒരു അവിശ്വാസപ്രമേയത്തിനു നോട്ടീസു് നൽകുകയും ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ വിശ്വാസം ഈ സഭാനേതാവിനും മന്ത്രിസഭയ്ക്കും ഉണ്ടോ എന്നു പരിശോധിക്കുകയുമാണു്. അങ്ങനെയല്ലാതെ ഒരു ജ്യോൽസ്യന്റെ സഹായത്തോടെയല്ല ഇതു തീരുമാനിക്കേണ്ടതു്. ഈ ക്രമപ്രശ്നവും പ്രസംഗവും ഒന്നും ഇവിടെ ഒരു പ്രശ്നമേ അല്ല. അതിനു് ഇവിടെ യാതൊരു സ്ഥാനത്യവുമില്ല.

ശ്രീ. കെ. എം. ജോർജ്ജു് : ഭരണകക്ഷിയിലെ ചില ആളുകളും ഈ പ്രശ്നത്തെ ഒരു ജ്യോൽസ്യന്റെ മേഖലയിലേയ്ക്കു മാറിനിന്നുത്തിയിരിക്കുകയാണു്. അത്രമാത്രം ലാഘവബുദ്ധിയോടുകൂടി ഇതു കാണാൻ പാടില്ല. ആഗസ്റ്റു് 22–ാം തീയതി ഈ നിയമസഭയിൽ ഉണ്ടായ നടപടിക്രമങ്ങളിൽ സഭാനേതാവിനു് സഭയുടെ പിൻതുണ ഇല്ലാതിരുന്നതുകൊണ്ടാണു്, സഭാനേതാവിനു് കമാൻ ചെയ്യാൻ കഴിയാതിരുന്നതുകൊണ്ടാണു് ഇങ്ങനെയുള്ള സാഹചര്യങ്ങളും ഇവിടെ ഉണ്ടായതെന്നു് ബഹുമാനപ്പെട്ട സ്പീക്കർപോലും പറയാൻ ഇടയായി. അതുപോലെതന്നെ ഈ സഭയിലെ ആളുകൾക്കും ലോകത്തുള്ള എല്ലാ ആളുകൾക്കും കാര്യങ്ങൾ വ്യക്തമായും മനസ്സിലായിട്ടുണ്ടു്. സഭാനേതാവിനു് സഭാനേതാവായി തുടരാനുള്ള ഭൂരിപക്ഷം നഷ്ടപ്പെട്ടു എന്നുള്ളതു് ഒരു വസ്തുതയാണു്. അതല്ലെങ്കിൽ നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ അതിനുമുമ്പു് ഒരിക്കൽപോലും ഉണ്ടായിട്ടില്ലാത്തവിധത്തിൽ 22–ാം തീയതിയിലെ സംഭവങ്ങളും എഴുതിച്ചേർക്കേണ്ടിവരുകയില്ലായിരുന്നു. ഭൂരിപക്ഷം നഷ്ടപ്പെട്ട ആളാണെങ്കിൽപോലും ഈ സഭയിലെ നടപടികളും നടത്തിക്കൊണ്ടുപോകുന്നതിനു് മുഖ്യമന്ത്രി ഉണ്ടായിരിക്കേണ്ടതു് അനിവാര്യമാണു്. ബഹുമാനപ്പെട്ട ഒരു മുഖ്യമന്ത്രി നമുക്കുണ്ടു്. ജർമ്മനിയിൽ അദ്ദേഹം ഉണ്ടെന്നു പറയുന്ന ജർമ്മനിയിൽ ഇരുന്നുകൊണ്ടു് കേരളത്തിൽ അദ്ദേഹം എങ്ങനെ ഭരണം നടത്തുമെന്നു് അറിഞ്ഞുകൂടാ. മുഖ്യമന്ത്രിയില്ലാത്ത തലയാറ ഒരു മന്ത്രിസഭയെ വച്ചുകൊണ്ടു് ഈ സഭാനടപടികളും നടത്തിക്കൊണ്ടുപോകുന്നതു് ഭരണഘടനാപരമായും പാർലമെന്ററി നടപടിക്രമമനുസരിച്ചും തെറ്റാണു്. അതു ശരിയാണോയെന്നു് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സ്പീക്കർ "റൂളിംഗ്" തരണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽനിന്നും ഒഴിഞ്ഞുമാറാൻ കണിയാന്റെ കാര്യവും മറ്റും പറഞ്ഞിട്ട് കാര്യമില്ല. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങളും മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുമോ എന്നുള്ളതിനു് അങ്ങയുടെ വ്യക്തമായ റൂളിംഗ് ആവശ്യമാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സർ, തലയറുപോയ ഒരു മന്ത്രിസഭയാണു് ഇവിടെ ഉള്ളതെന്ന ഉപപാദപ്രസ്താവന പിൻവലിക്കാൻ അങ്ങു് കല്പിക്കണം.

മി. സ്പീക്കർ : തലയറുപോയ എന്നു് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് എന്നുദ്ദേശിച്ചാണു് ?

ശ്രീ. കെ. എം. ജോർജ് : മുഖ്യമന്ത്രിയില്ലാത്ത എന്നാണു ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : കഴിഞ്ഞ സമ്മേളനത്തിൽ ശ്രീമാൻ കെ. എം. ജോർജ്ജു് ഒരു അവിശ്വാസപ്രമേയത്തിനു് നോട്ടീസു് നൽകിയിട്ടുള്ളതായി പറഞ്ഞുകേട്ടു. കഴിഞ്ഞ നിയമസഭാസമ്മേളനക്കാലത്തു് അവതരിപ്പിക്കാൻ നോട്ടീസു് കൊടുക്കുകയും ഒടുവിൽ പിൻവലിച്ചുകാണ്ടോടുകയും ചെയ്ത ആ അവിശ്വാസപ്രമേയംതന്നെ അതിനേക്കാളും അനുകൂലമായ ഈ സ്ഥിതിയിൽ വീണ്ടും അവതരിപ്പിക്കാൻ, ധൈര്യപൂർവ്വം അവതരിപ്പിച്ചൊൻ എന്താണു് തടസ്സമായി നിൽക്കുന്നതെന്നു് മനസ്സിലാകുന്നില്ല. അങ്ങനെ ഒരു മാർഗ്ഗത്തിലൂടെ സഭയുടെ അഭിപ്രായം അറിയുന്നതു് നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. എം. ജോർജ് : ഞങ്ങളും ചെയ്യേണ്ടതു് എന്താണെന്നുള്ളതിനെപ്പറ്റി ഞങ്ങളും ആലോചിച്ചുകൊള്ളാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : പാർലമെന്ററി ഡെമോക്രസിയെപ്പറ്റിയും നടപടിക്രമങ്ങളെപ്പറ്റിയും കീഴ്വഴക്കങ്ങളെപ്പറ്റിയും ഇവിടെ ചിലർ പറയുന്നതു കേട്ടു. പാർലമെന്ററി ഡെമോക്രസി നിലവിലിരിക്കുന്ന ഏതെങ്കിലും ഒരു രാജ്യത്തോ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലോ സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ നിയമസഭാനേതാവിനോ അല്ലെങ്കിൽ മുഖ്യമന്ത്രിക്കോ ഭൂരിപക്ഷം നഷ്ടപ്പെട്ടതായി തെളിയിക്കപ്പെട്ട കീഴ്വഴക്കം ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമോ ? ഔദ്യോഗിക പക്ഷത്തുനിന്നും അവതരിപ്പിക്കുന്ന ബഡ്ജറ്റുണ്ടു്, ബില്ലുകളുണ്ടു്, അതുപോലെതന്നെ അവിശ്വാസപ്രമേയം പ്രതിപക്ഷത്തിനു് അവതരിപ്പിക്കാം. അതിന്മേലുള്ള വോട്ടിന്റെ അടിസ്ഥാനത്തിൽ അല്ലാതെ സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്കു് അല്ലെങ്കിൽ സഭാനേതാവിനു് സഭയുടെ ഭൂരിപക്ഷം നഷ്ടപ്പെട്ട എന്നു് തീരുമാനിച്ചതായ പാരമ്പര്യം പാർലമെന്ററി ഡെമോക്രസിയിൽ ചൂണ്ടിക്കാണിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : മുഖ്യമന്ത്രിയും സഭാനേതാവും രണ്ടും രണ്ടാണു്. മുഖ്യമന്ത്രി സഭാനേതാവായിരിക്കണമെന്നില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഒന്നരണ്ടു് ഉദാഹരണം കേട്ടാൽ കൊള്ളാം.

ശ്രീ. കെ. കരുണാകരൻ : മദിരാശിയിലെ കാര്യം അറിഞ്ഞുകൂടേ? ശ്രീ. കുമരരാജ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. സുബ്രഹ്മണ്യം ആയിരുന്നു ലീഡർ.

സർ, സഭാനേതാവെന്നുള്ള നിലയിൽ, അങ്ങു് അഭിപ്രായം ചോദിക്കുമ്പോൾ ഈ സഭയുടെ അഭിപ്രായമായിട്ടാണു് സഭാനേതാവു് അങ്ങയ്ക്കു് ഉപദേശം തരേണ്ടതു്. ആഗസ്റ്റു് 22-ാം തീയതി അതുണ്ടായിട്ടില്ലെന്നു് അങ്ങയുടെ അഭിപ്രായം തന്നെ ഉണ്ടായി. റവന്യൂമന്ത്രി ശ്രീ. ഗൗരിയുടെ പ്രസ്താവനയുമുണ്ടു്. "ഗവണ്മെന്റിന്റെ നിയമനിർമ്മാണനടപടികളിൽ അതെല്ലാം ഏതേതു് അവസരങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് എടുക്കേണ്ടതു് എന്നുള്ളതു് സഭാനേതാവുമായി സ്പീക്കർ ചർച്ച ചെയ്തു് തീരുമാനിക്കണമെന്നാണു് നടപടിച്ചട്ടങ്ങൾ അനുശാസിക്കുന്നതു്. എന്നാൽ ഇത്തരം ഒരു നടപടിയുണ്ടാകുന്നതിനുശേഷം ഉണ്ടായിട്ടില്ല. സ്പീക്കർ ഒരു ദിവസംപോലും തന്നോടു് ഇതിനെപ്പറ്റി ചർച്ച ചെയ്യാൻ ഒരുമ്പെട്ടിട്ടില്ല" എന്നാണു് അവർ പറയുന്നതു്. ഇവിടെ ഉള്ള പ്രധാനമായ പ്രശ്നം സഭാനേതാവു് ഉന്നയിക്കുന്ന അഭിപ്രായത്തിനു് സഭയുടെ ഭൂരിപക്ഷത്തിന്റെ പിൻതുണയുണ്ടോ എന്നുള്ളതാണു്. സഭയുടെ പിൻതുണയില്ലാത്ത നേതാവു് തുടരുന്നതുകൊണ്ടു് കാര്യമില്ല. "ശ്രീമതി ഗൗരിയുടെ പ്രസ്താവനകളിൽ കാണുന്ന വ്യക്തമായ സൂചനകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞതുപോലെ ഈ സഭയുടെ ഭൂരിപക്ഷപിൻതുണ സഭാനേതാവെന്ന നിലക്കു് ഈ പ്രശ്നത്തിൽ അവർക്കില്ലായിരുന്നു എന്നു് ഞാൻ അപ്പോഴും മനസ്സിലാക്കിയിരുന്നുഎന്നു്" അങ്ങു് പ്രസ്താവിക്കുകയുണ്ടായി. എന്നാൽ പിന്നീടു് ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ പ്രസ്താവനയിൽനിന്നും അവർക്കു് പിൻതുണയില്ലായിരുന്നു എന്നു് മനസ്സിലാക്കിയെന്നും, നേരത്തെ മനസ്സിലാക്കിയിരുന്നെങ്കിൽ അങ്ങു് മറ്റു് എന്തോ ചെയ്യുമായിരുന്നു എന്നും ഉള്ള ധ്വനിയും അങ്ങയുടെ പ്രസ്താവനയിൽ ഉണ്ടായിരുന്നു. സ്പീക്കറുമായിട്ടുള്ള ബന്ധത്തെപ്പറ്റി പരാമർശിച്ച അവസരത്തിൽ ശ്രീമതി ഗൗരിയുടെ ആരോപണത്തിൽനിന്നും ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയമിക്കുവാനുള്ള സന്നദ്ധത അങ്ങു് പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ വരുമ്പോൾ സഭാനേതാവും സ്പീക്കറുമായി ഉണ്ടായിരിക്കേണ്ട ബന്ധത്തിന്റെ മറ്റൊരു പ്രശ്നവും ഉണ്ടാകുന്നുണ്ടു്. ഇങ്ങനെയുള്ള പ്രശ്നങ്ങളെല്ലാം ഉണ്ടായിരിക്കുന്ന സന്ദർഭത്തിൽ ഈ നടപടികളെല്ലാം തന്നെ നിയമവിരുദ്ധമായിത്തീരാനുള്ള സാഹചര്യങ്ങളുണ്ടു്. അതുകൊണ്ടാണു് ഈ കാര്യത്തിൽ അങ്ങു് വ്യക്തമായ ഒരു റൂളിംഗ് നൽകണമെന്നു് ആവശ്യപ്പെടുന്നതു്.

(1) സഭാനേതാവു് ഉണ്ടായിരിക്കുന്ന അവസരത്തിൽ ആ സഭാനേതാവുമായി ആലോചിക്കേണ്ടതുണ്ടെന്നു അഭിപ്രായമുണ്ടോ ?

(2) സ്പീക്കറെന്നുള്ള നിലയിൽ സഭാനേതാവുമായി ആലോചിക്കുന്നില്ലെന്ന സഭാനേതാവായിരുന്ന ആളുടെ ആക്ഷേപത്തെ സംബന്ധിച്ചു് എന്താണു് നിലപാടു സ്വീകരിക്കേണ്ടതു് ?

ഇതിനു് വ്യക്തമായ റൂളിംഗ് ആവശ്യമാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : സർ, ക്രമപ്രശ്നത്തിനു് ആധാരമായ വസ്തുതകൾ പത്രപ്രസ്താവനകളാണു്. ഈ സഭാനേതാവിനു് ഭൂരിപക്ഷത്തിന്റെ വിശ്വാസമില്ലായിരുന്നു എന്നും മറ്റുമുള്ള അഭിപ്രായങ്ങളിലേക്കു് കടക്കുന്നതിനു് മുമ്പു് പ്രസ്താവനകളിറക്കിയ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയും സ്പീക്കറും ഉള്ളതുകൊണ്ടു് അവർതന്നെ അതങ്ങു വ്യക്തമാക്കിയാൽ മതി. പത്രപ്രസ്താവനകളെ അടിസ്ഥാനമാക്കി ഒന്നും വിചാരിക്കണ്ട. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ എന്തെങ്കിലും പറഞ്ഞാൽ മതി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട കരുണാകരൻ ഇവിടെ രണ്ടു കാര്യങ്ങളും പറഞ്ഞിരിക്കുകയാണു്. ഒന്നു്, സഭാനേതാവിനു് സഭയുടെ പിൻതുണയുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നമാണു്. അതു് വളരെ പ്രധാനപ്പെട്ട പ്രശ്നമല്ലെന്നു പറയാൻ നിവൃത്തിയില്ല. പ്രധാനപ്പെട്ട പ്രശ്നമാണു്. പക്ഷെ, ഇപ്പോൾ അങ്ങനെ ഒരു പ്രശ്നം ഉന്നീതമായിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു് എനിക്കു സംശയമുണ്ടു്. 22–ാം തീയതി നടന്ന കാര്യങ്ങളെ സംബന്ധിച്ചു് ചില സ്റ്റേറ്റുമെന്റുകളുണ്ടായി. അന്നു നടന്ന സംഭവങ്ങളും നമുക്കെല്ലാവർക്കും അറിയാം ചിലകാര്യങ്ങളും വേണ്ടതായിരുന്നില്ലെന്നു് എനിക്കു് അഭിപ്രായമുണ്ടു്. അതനുശേഷം ആ സംഭവത്തെ സംബന്ധിച്ചു് ചില സ്റ്റേറ്റുമെന്റുകളുണ്ടായി. പല പ്രസംഗങ്ങളും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ പലതും ഉണ്ടായി. അന്നത്തെ സാഹചര്യത്തിൽ ഒരു പ്രത്യേക കാര്യത്തെ സംബന്ധിച്ചിടത്തോളം എല്ലാ പാർട്ടിക്കാരെയും വിളിച്ചുകൂട്ടിഇരുത്തി ഒരു യോജിപ്പുണ്ടാക്കാൻ സാധിക്കാതെവന്ന എന്ന അഭിപ്രായം പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്; ഒരു സ്റ്റേറ്റുമെൻറിലൂടെ. ഭരണകക്ഷിയിലെ എല്ലാ പാർട്ടിക്കാരെയും യോജിപ്പിച്ചുകൊണ്ട് ഒരു അഭിപ്രായം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സഭാനേതാവിൻെറ സ്റ്റേറ്റുമെൻറിൽ പറഞ്ഞിട്ടുണ്ട്. അതു വസ്തുതയാണ്. പക്ഷെ, ഇന്നത്തെ പാർലമെൻററി ഡമോക്രസിയിൽ വിവിധകക്ഷികളുടെ ഭരണമാണ് ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും നടക്കുന്നത്. വിവിധ അഭിപ്രായങ്ങളും അവർക്കുണ്ട്. ഏതേതു പ്രശ്നങ്ങളിലാണ് അഭിപ്രായവ്യത്യാസങ്ങളുള്ളത്. ഏതു പ്രധാനപ്പെട്ട പ്രശ്നത്തിലാണ് അഭിപ്രായൈക്യമുള്ളത്, അപ്രധാനമായ ഏതു കാര്യങ്ങളിലാണ് അഭിപ്രായവ്യത്യാസമുള്ളത് എന്നുള്ള കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇക്കാലത്തു പുതിയ പുതിയ വഴക്കങ്ങളൊക്കെ പാർലമെൻററി ഡെമോക്രസിയിൽ ഉണ്ടായികൊണ്ടിരിക്കുകയാണ്. നമ്മുടെ ഈ സഭയിൽ ഏതായാലും ഇപ്പോഴാണ്—ഇതുമാതിരി നിർഭാഗ്യകരമായ സംഭവങ്ങളൊക്കെ-ഉണ്ടാകുന്നത്. മുമ്പെങ്ങും ഇതുപോലെയുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല. എന്നുവരികിലും ഇപ്പോൾ ഇങ്ങനെയൊക്കെ ഉണ്ടായി എന്നുവിചാരിച്ച് സഭാനേതാവിനു സഭയുടെ കോൺഫിഡൻസ് ഇല്ലെന്നു ഉടനേ പറയുന്നതു ഉചിതമായിരിക്കുമെന്ന് എനിക്കു തോന്നുന്നില്ല. കഴിഞ്ഞ 22-ാം തീയതി ഒരു പ്രശ്നത്തിൽ എല്ലാവർക്കും യോജിക്കാൻ കഴിയാതിരുന്നതുകൊണ്ട് എല്ലാവരുടെയും പിന്തുണ കിട്ടാൻ കഴിഞ്ഞില്ല എന്നുവച്ച് അതുകൊണ്ട് ലീഡർ ഓഫ് ദി ഹൗസ് എന്ന സ്ഥാനം പോകുകയോ എന്തെങ്കിലും തകരാറുകളുണ്ടാകുകയോ ചെയ്തതായി കരുതാനില്ല. ഇതെസംബന്ധിച്ചിടത്തോളം ഒരു റൂളിംഗിൻെറ ആവശ്യവുമില്ല. ഏതായാലും ഇന്നിപ്പോൾ ആ സാഹചര്യങ്ങളൊന്നുമില്ല, ലീഡർ ഓഫ് ദി ഹൗസിനു ഹൗസിൻെറ കോൺഫിഡൻസ് ഉണ്ട് എന്നുള്ളതാണ് ഇന്നത്തെനില അതുകൊണ്ട് ഈ പ്രശ്നം ഇപ്പോൾ അപ്രസക്തമാണെന്നാണ് എനിക്കു പറയാനുള്ളത്. ശ്രീ. കരുണാകരൻ.....

ശ്രീമതി കെ. ആർ. ഗൗരി : സർ, സാധാരണ നടപടിച്ചട്ടമനുസരിച്ച് സഭയിൽ നോ കോൺഫിഡൻസ് വരുന്നതു ലീഡർക്കു എതിരായിട്ടല്ല, മന്ത്രിസഭക്കെതിരായിട്ടാണ്. ഭരണകക്ഷിയിലുള്ള ആളുകളാണ് ലീഡറെ തെരഞ്ഞെടുക്കുന്നതു് അതുകൊണ്ടു് ഈ പ്രശ്നം അപ്രസക്തമാണ്.

ശ്രീ. കെ. കരുണാകരൻ : എല്ലാ പ്രശ്നങ്ങളെസംബന്ധിച്ചും സഭാനേതാവും സ്പീക്കറുമായി ആലോചിച്ചു് നടപടി നടത്തുന്നതു് ലീഡർക്കു് സഭയുടെ പിന്തുണയുള്ളതുകൊണ്ടാണ് എതെങ്കിലും ഒരു പ്രശ്നത്തിനുപോലും ലീഡർക്കു് സഭയുടെ പിന്തുണയില്ലാതെ വന്നാൽ പിന്നെ സഭ തുടരുന്നതു ശരിയല്ല; രാജിവയ്ക്കണം. 22-ാം തീയതി നടന്ന സംഭവത്തിൽ സഭാനേതാവിനു് പിന്തുണയുണ്ടായില്ലെന്നുള്ളതു് വ്യക്തമാണ്. അതല്ല, അവർ ചെയ്തതു് ശരിയാണെന്നു സ്ഥാപിക്കുകയാണെങ്കിൽ അതു ശരിയാണെന്നു സ്ഥാപിക്കുന്ന ഒരു പ്രമേയം പാസ്സാക്കിയെടുക്കാൻ ഞാൻ സഭാനേതാവിനെ വെല്ലുവിളിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, സഭാനേതാവിനെ തിരഞ്ഞെടുക്കുന്നതു് ഭരണകക്ഷിയിലെ അംഗങ്ങളാണ്. അതിനു് ഞാൻ ശ്രീ. കരുണാകരൻെറ പാർട്ടിയെ വിളിക്കുകയില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ഇവിടെയുള്ള നിയമസഭാംഗങ്ങളാരെങ്കിലും സഭാനേതാവിനെ വിശ്വാസമില്ലെന്നോ അവരുടെ നേതൃത്വം അംഗീകരിക്കുന്നില്ലെന്നോ പറഞ്ഞതായിട്ടു് എനിക്കു് കേൾക്കാൻകഴിഞ്ഞില്ല. കഴിഞ്ഞ 22-ാം തീയതിയിലെ സംഭവത്തെ ഉദ്ധരിച്ചുകൊണ്ടു് സ്പീക്കറുടേതായിട്ടുള്ള ഒരു പ്രസ്താവനയിലാണ് നിയമസഭാനേതാവിനു് പ്രതിപക്ഷ പിന്തുണയില്ലെന്നുള്ള കാര്യത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതു്. അതുകൊണ്ടു് ഇവിടെ നിയമസഭാനേതാവിനുള്ള പിന്തുണയെപ്പറ്റി പരാമർശനം നടത്തുന്നതെന്നു് എനിക്കു് അഭിപ്രായമില്ല. ബഹുമാനപ്പെട്ട സ്പീക്കർക്കു് അന്നതോന്നിയ അഭിപ്രായം ഇന്നും തോന്നുന്നെങ്കിൽ ആ അഭിപ്രായമാണു് ഇപ്പോഴുള്ളതെന്നു പറയണം. ആ അഭിപ്രായമല്ല ഇന്നുള്ളതെങ്കിൽ അന്നത്തെ സാഹചര്യത്തിൽ അങ്ങനെ തോന്നിയതാണു് ഇന്നു് ആ സ്ഥിതിവിശേഷമല്ലുള്ളതു്. സഭാനേതാവിനു് ഭൂരിപക്ഷ പിൻതുണയുണ്ടു് എന്നു് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ മതി. അപ്പോഴാ പ്രശ്നം ഇവിടംകൊണ്ടു തീരുമെന്നാണു് എനിക്കുതോന്നുന്നതു്. ഇതിനു് ഒരു റൂളിംഗ് തരണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, റൂളിംഗുണ്ടായതിനുശേഷം അതിനെക്കുറിച്ചു് പരാമർശിക്കാമോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഇന്നു് വെള്ളിയാഴ്ചയല്ലാത്തതുകൊണ്ടും അനൗദ്യോഗികപ്രമേയങ്ങളും ചർച്ചയ്ക്കെടുക്കാത്തതുകൊണ്ടും ഇത്തരമൊരു കാര്യത്തെപ്പറ്റി പരാമർശിക്കുന്നതു് ഓർഡറിലാണോ ?

മി. സ്പീക്കർ : ഇതു് അപ്രധാനമായ ഒരു കാര്യമാണെന്നു പറയാൻ നിവൃത്തിയില്ല. ഇതു തീർച്ചയായിട്ടും പ്രസക്തമാണു് കഴിഞ്ഞ 22-ാം തീയതി അങ്ങനെയൊക്കെ സംഭവിച്ചതു് അന്നത്തെ സാഹചര്യംമൂലമാണു്. ഇനി ആ കാര്യം ഇവിടെ ഉന്നയിക്കേണ്ടയാവശ്യമില്ല. ഇപ്പോഴാ ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞു സഭാനേതാവും സ്പീക്കറുമായി ആലോചിച്ചാണു് കാര്യങ്ങളൊക്കെ തീരുമാനിക്കുന്നതെന്നു്. സഭാനേതാവും സ്പീക്കറും ആലോചിച്ചാണു് വളരെക്കാലമായി കാര്യങ്ങളൊക്കെ നടത്തിക്കൊണ്ടിരിക്കുന്നതു്. ഇപ്പോഴും അങ്ങനെയാണു് നടക്കുന്നതു്. അതിനൊന്നും ഇപ്പോഴായിട്ടൊരു തടസ്സവും ഉണ്ടായിട്ടില്ല. ഭൂരിപക്ഷ പിന്തുണയെ സംബന്ധിച്ചു് ചില സ്റ്റേറ്റുമെന്റുകളും പത്രപ്രസ്താവനകളും ചില പ്രസംഗങ്ങളുടെ റിപ്പോർട്ടുകളുമൊക്കെ ഉണ്ടായിട്ടുണ്ടു്. അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ എന്നു് നമുക്കെല്ലാവർക്കുംകൂടി ആലോചിച്ചു് തീരുമാനിക്കാം.

ശ്രീ കെ. കരുണാകരൻ : സർ,.....

Shri K. Mahabala Bhandari : Sir, one responsible Minister made an allegation that there was a conspiracy in the Speaker's Chamber. The hon. Minister is present here. Will he say whether he still maintains that ?

Mr. Speaker : We will think about that.

ശ്രീ. കെ. എം. ജോർജ് : സർ, നിർഭാഗ്യവശാൽ നമ്മുടെ സഭയിൽ ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത ഒരു കറുത്ത അദ്ധ്യായം കഴിഞ്ഞ.....

Shri T. K. Krishnan : Under what provision is he speaking Sir ?

Shri K. M. George : I am not speaking about what Shri Karunakaran said. This is entirely a different thing.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇങ്ങനെ ഈ സംഗതി തുടർന്നു പോകാൻ അനുവദിക്കരുതു്. ലെജിസ്ലേഷൻ നടക്കാനുള്ള സമയമാണിതു്.

Shri K. M. George : Sir,.....

Shri T. K. Ramakrishnan : Can he speak on this subject ?

Speaker : We will consider this in the Business Advisory Committee as to how to settle the matter.

Shri K. M. George: I am not speaking about what Shri. Karunakaran said. I am speaking about an entirely different thing

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ സഭയിൽ ഇതിനുമുൻപൊരിക്കലും ഇങ്ങനെ ഉണ്ടായിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർ. സർ;.....

ശ്രീ. എസ്. ദാമോദരൻ: സർ,....സർ,.....

മി: സ്പീക്കർ : ഓർഡർ, ഓർഡർ. ഇക്കാര്യത്തെ സംബന്ധിച്ച് പല സ്റ്റേറ്റുമെൻറുകളും ഉണ്ടായിട്ടുണ്ട്. ഇതിനു് എന്താണു വേണ്ടതെന്നുള്ള കാര്യം നമുക്കു് ആലോചിക്കാം ഇതിനെപ്പറ്റി ആലോചിക്കുന്നതിനു് ഒരു സ്ഥലം ഉണ്ടല്ലോ. അവിടെവച്ചു് നമുക്കു് ആലോചിച്ചു തീരുമാനിക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : സർ, ഞാൻ അപേക്ഷിക്കുന്നതു് ഇത്രമാത്രമാണു്.

Shri T. K. Krishnan : I would like to know whether he is raising any point of order.

Shri K. M. George : I am on my legs with the permission of the honourable Speaker. സർ, ഈ സഭയിലുണ്ടായ ഒരു കറുത്ത രംഗം സഭയിൽനിന്നു് തുടച്ചുമാറ്റുന്നതിനു് വേണ്ട നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ പ്രിവിലേജു് കമ്മറ്റിയെ ചുമതലപ്പെടുത്തണം. സർ, ഒരു കാര്യംകൂടി. ഇന്നു് ഈ സഭയിൽ വലിയ അനിഷ്ടസംഭവങ്ങളൊക്കെ നടക്കുമെന്നു് രണ്ടു മന്ത്രിമാർ പ്രസ്താവനകളിറക്കിയിട്ടുണ്ടു്. അങ്ങനെയുള്ള മനോഭാവം ചില മന്ത്രിമാരിൽ കാണുന്നതുകൊണ്ടു് നമ്മുടെ സഭയിൽ ഇങ്ങനെയുള്ള രംഗങ്ങൾ ഒരിക്കലും ഉണ്ടാകാതിരിക്കുന്നതിനു് വേണ്ട നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കുന്നതിനു് വേണ്ടതു ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ. 22–ാം തീയതി കറുത്ത രംഗങ്ങളുണ്ടായി എന്നു പറയുന്നതു് ശരിയല്ല.

മി: സ്പീക്കർ: ഓർഡർ. ഓർഡർ. മി. കരുണാകരന്റെ ഒരു പ്രിവിലേജു് പ്രശ്നമുണ്ടു്. അതായതു് നവകേരളം പത്രത്തിൽ വന്ന ഗതാഗതമന്ത്രിയുടെ പ്രസംഗറിപ്പോർട്ടിനെക്കുറിച്ചാണു്. അതിനെസംബന്ധിച്ചു് ആലോചിച്ചതിനു ശേഷം തീരുമാനിക്കാം. ഞാൻതന്നെ അതിനെക്കുറിച്ചു് ഇതുവരെയും ആലോചിച്ചിട്ടില്ല.

3. STATEMENT BY SHRI O. KORAN

ശ്രീ. ഒ. കോരൻ : ബഹുമാനപ്പെട്ട സ്പീക്കർ അവർകളോടു് നിയമനിർമ്മാണ നടപടികളിലേയ്ക്കു് കടക്കുന്നതിനു മുൻപായി ഈ നിയമസഭയിലെ ഒരംഗമെന്നുള്ള നിലയിൽ അതിദാരുണമായ ഒരു സംഭവത്തെപ്പറ്റി രണ്ടുവാക്കു പറയാൻ സമയം അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ പേഴ്സണലായ ബുദ്ധിമുട്ടുകളാണോ ?

ശ്രീ. ഒ കോരൻ : അതെ. പേഴ്സണലായ ബുദ്ധിമുട്ടുകളാണു്. ഞാൻ അസംബ്ലിയിലേക്കു് വരുന്നതിന്റെ തലേദിവസം എന്റെ വീട്ടിന്റെ മുറ്റത്തു നിൽക്കുമ്പോൾ ഒരു റൗഡിയും രണ്ടാളുകളുംകൂടി ഓടിവന്നു് എന്നെ വടികൊണ്ടു് ഉപദ്രവിക്കാൻ ശ്രമിച്ചു. ഞാൻ ജീവരക്ഷാർത്ഥം ഓടി വീട്ടിൽക്കയറി വാതിലടയ്ക്കുകയും അവർ വീടു് ആക്രമിക്കാൻ ശ്രമിച്ചപ്പോൾ ഞാൻ വീട്ടിൽനിന്നു് ഓടിരക്ഷപ്പെടുകയുമാണു ചെയ്തതു്. അങ്ങനെയാണു് ഇന്നു് അസംബ്ലിയിൽ വന്നതു് ഇതിനു കാരണമെന്താണെന്നന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചതു് ഇപ്രകാരമാണു്. അതായതു് ഒരു ദിവസം എന്റെ വീട്ടിൽവന്ന ഒരു സാധുസ്ത്രീയെ ഈ

LIBRARY ARCHIVES Kerala Legislative Assembly